IV റിപ്പോർട്ടുകളുടെ സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, മുഖ്യമന്ത്രിയും സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർപേഴ്സണുമായ ഞാൻ സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2026-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2026-ലെ കേരളം മുതിർന്ന പൗരൻമാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2026-ലെ കേരളം മാരിടൈം ബോർഡ് (ഭേദഗതി)

ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി V-ന്റെ 2026-ലെ കേരള മോട്ടോർ വാഹന നികുതിചുമത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട്

പൊതുമരാമത്ത് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. സി. പി. ജോൺ): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ ചെയർപേഴ്സണുവേണ്ടി 2026-ലെ കേരള മോട്ടോർ വാഹന നികുതിചുമത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.